**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 742** **10-02-2025 - ൽ മറുപടിയ്ക്ക്**

**ലേല സ്ഥിരീകരണം വേഗത്തിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ നിന്ന് അനുവദിക്കുന്ന വായ്പകളിൽ, തവണ മുടങ്ങി കുടിശ്ശിക വരുത്തി തുക തിരിച്ചടക്കാതെ ഉപേക്ഷിക്കുന്ന ഈട് വസ്തുക്കൾ ലേലത്തിൽ ഏറ്റെടുക്കാനാളില്ലാത്ത സാഹചര്യത്തിൽ നിയമപരമായ നടപടികൾ പൂർത്തിയാക്കി ബാങ്ക് തന്നെ ലേലം കൊള്ളുന്ന വസ്തുക്കൾക്ക് സഹകരണ രജിസ്ട്രാറുടെ ലേല സ്ഥിരീകരണം ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ നിന്ന് അനുവദിക്കുന്ന വായ്പകളിൽ തവണ മുടങ്ങി കുടിശ്ശിക വരുത്തി തുക തിരിച്ചടക്കാതെ ഉപേക്ഷിക്കുന്ന ഈട് വസ്തുക്കൾ ലേലത്തിൽ ഏറ്റെടുക്കാനാളില്ലാത്ത സാഹചര്യത്തിൽ നിയമപരമായ നടപടികൾ പൂർത്തിയാക്കി ബാങ്ക് ലേലം കൊള്ളുന്ന വസ്തുക്കൾക്ക് സഹകരണ രജിസ്ട്രാറുടെ ലേല സ്ഥിരീകരണം ലഭിക്കുന്നതിന് തടസ്സം ഇല്ല. |
| (ബി) | സഹകരണ രജിസ്ട്രാറുടെ ലേല സ്ഥിരീകരണം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതുമൂലം വായ്പാ കുടിശ്ശിക തുക ദിനംപ്രതി വർദ്ധിച്ചുവരുമെന്നതിനാൽ ലേല സ്ഥിരീകരണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സഹകരണ രജിസ്ട്രാറുടെ ലേല സ്ഥിരീകരണം ലഭിക്കുന്നതിന് നിലവിൽ കാലതാമസം നേരിടുന്നില്ല. കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ലേലം സ്ഥിരീകരണം വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ